മി.സ്പീക്കർ: ഓർഡർ......ഓർഡർ......പ്ലീസ്......പ്ലീസ്........

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... ഇത് ചോദ്യോത്തര സമയമാണ്. ദയവായി സഹകരിക്കണം. ചോദ്യം നം. *241

## പാചകവാതക വിതരണത്തിലെ അസന്തുലിതാവസ്ഥ

(*241) ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മോയിൻ കുട്ടി:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണത്തിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥയും ക്രമക്കേടുകളും മൂലം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ നിരന്തരമുണ്ടാകുന്ന സമരം, ഗ്യാസ് സിലിണ്ടറുകളുടെ കൺവേയൻസിലും ബുക്കിംഗിലുമുള്ള പ്രശ്നങ്ങൾ,

കരിഞ്ചന്ത, വിതരണ ക്രമക്കേടുകൾ, അമിതവില/കൂലി ഈടാക്കൽ തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(സി) ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഐ.വി.ആർ.എസ്. സംവിധാനം, ഇന്റർനെറ്റ്, എസ്.എം.എസ്. എന്നിവ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് സിലിണ്ടർ ബുക്ക് ചെയ്യാവുന്നതാണെന്നും മൾട്ടിപ്പിൾ കണക്ഷൻസ് കണ്ടെത്തി ഇല്ലാതാക്കുകയും ഉപഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുവഴി സബ്സിഡി ലഭ്യമാക്കുന്ന ബദൽ സംവിധാനം നിലവിൽ വരികയും ചെയ്തതോടെ പാചക വാതക സിലിണ്ടറുകളുടെ കരിഞ്ചന്തയും വകമാറ്റലും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കൂടാതെ ഈ മേഖലയിലുണ്ടാകുന്ന പരാതികൾ അന്വേഷിച്ച് ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് പ്രകാരം നടപടികൾ

സ്വീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. സമരങ്ങൾ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എണ്ണക്കമ്പനികളുടെ ശ്രമം ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെടുകയും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം പുനരാരംഭിച്ച് പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എൽ.പി.ജി.യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും, പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ സഹിതം വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. ഷാജി: സർ, പാചകത്തിന് വിറകും അറക്കപ്പൊടിയുമൊക്കെ ഉപയോഗിച്ചിരുന്ന വീട്ടമ്മമാരെ ഗ്യാസ് സബ്സിഡി നൽകി ഗ്യാസ് ഉപയോഗത്തിലേയ്ക്ക് ആകർഷിച്ചു. പക്ഷെ ഇന്ന് ഗ്യാസ് സിലിണ്ടർ കിട്ടാൻ

വീട്ടമ്മമാർ വളരെ ബുദ്ധിമുട്ടുകയാണ്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണെങ്കിലും സമയബന്ധിതമായി ഗ്യാസ് സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന് തികച്ചും ഉത്തരവാദിത്വമുണ്ട്. സമയബന്ധിതമായി ഉപഭോക്താക്കൾക്ക് ഗ്യാസ് ലഭിക്കാൻ എന്തെല്ലാം നടപടികളാണ് പുതിയതായി സ്വീകരിച്ചതെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ആവശ്യത്തിന് പ്രൊഡക്ഷനുള്ള സംസ്ഥാനമാണ് നമ്മുടേത്. പ്രൊഡക്ഷനെ സംബന്ധിച്ച് പരാതികൾ വരുന്നില്ല. ആവശ്യത്തിനുള്ള ഉത്പാദനം കേരളത്തിലുണ്ടെന്നുള്ളതാണ് ഗവൺമെന്റിന് ലഭ്യമായിരിക്കുന്ന റിപ്പോർട്ടുകൾ. ഇവിടെ പലപ്പോഴും സംഭവിക്കുന്നത്, ബോട്ടിലിംഗ് പ്ലാന്റുകളിൽ ഉണ്ടാകുന്ന ലേബർ പ്രശ്നങ്ങളാണ്. അത്തരത്തിലുള്ള പ്രശ്നങ്ങളാണ് പലപ്പോഴും അവിടെ സമരങ്ങളിലേയ്ക്ക് പോകുന്നത്. അത് സ്വാഭാവികമായും വിതരണത്തെ ബാധിക്കുന്നുവെന്നതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നത്. 2013 മുതൽ ട്രാൻസ്പോർട്ടേഷൻ മേഖലയെ എസൻഷ്യൽ സർവ്വീസായി ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. അതിനനുസരിച്ച് ആ മേഖലയിലെ സമരങ്ങളും നിയന്ത്രണവിധേയമാക്കിയിട്ടുണ്ടായിരുന്നു. പിന്നീട് ബോട്ടിലിംഗ് പ്ലാന്റുകളിലായിരുന്നു വിഷയങ്ങൾ വർദ്ധിതമായി വന്നിരുന്നത്.

ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും എസൻഷ്യൽ സർവ്വീസസിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരുവാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അതിന്റെ ശുപാർശകൾ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഹോം ഡിപ്പാർട്ടുമെന്റിലേയ്ക്ക് നൽകി. അതിനനുസൃതമായി ഹോം ഡിപ്പാർട്ടുമെന്റ് നോട്ടിഫിക്കേഷനും ഇറക്കിയിട്ടുണ്ട്. ഇപ്പോൾ ബോട്ടിലിംഗ് പ്ലാന്റ് ഉൾപ്പെടെ ഇതിന്റെ എല്ലാ മേഖലകളും എസൻഷ്യൽ സർവ്വീസസിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ തൊഴിൽ പ്രശ്നങ്ങൾമൂലം ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങൾ നിന്നുപോകുമെന്ന് ഇപ്പോൾ കരുതുന്നില്ല. മറ്റുള്ള വിഷയങ്ങൾ ഉണ്ടാകുമ്പോൾ ഞാൻ നേരത്തെ ഉത്തരത്തിൽ വായിച്ചതുപോലെതന്നെ ഓപ്പൺ ഫോറങ്ങൾ കളക്ടറുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഒപ്പംതന്നെ ഏജൻസികൾ മുഖാന്തിരമുള്ള മോണിറ്ററിംഗ് സംവിധാനം എല്ലാ ഏജൻസികളിലുമുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. എം. ഷാജി: സർ, എന്തൊക്കെ പുതിയ തീരുമാനം എടുക്കുമ്പോഴും അതിനെയൊക്കെ മറികടക്കാനുള്ള മാർഗ്ഗങ്ങൾ അനുവർത്തിക്കുന്ന വലിയൊരു ലോബി ഇപ്പോൾ ഗ്യാസ് രംഗത്തുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് ഫോൺ ബുക്കിംഗാണ്. ഫോൺ വിളിച്ചാൽ അവർ എടുക്കുകയില്ല. എസ്.എം.എസ്.

അയച്ചാൽ അവർക്ക് കിട്ടിയില്ലെന്ന് പറയും. ഫോൺ വിളിച്ചാൽ ഫോൺ എടുക്കുന്നില്ലായെന്ന് പറയുമ്പോൾ അവിടെ കൃത്യമായി ഫോൺ എടുക്കുന്നതിന് സ്റ്റാഫ് ഉണ്ടോ അതല്ലെങ്കിൽ വേറെ സംവിധാനമുണ്ടോ; എസ്.എം.എസ്. അയച്ചാൽ അത് കിട്ടിയില്ലായെന്ന് പറയുന്നതിനെ മറികടക്കാൻ കഴിയുന്ന തരത്തിൽ പുതിയ ടെക്നോളജി ഉപയോഗിച്ച് അവരുടെ വാദത്തെ മറികടക്കാൻ കഴിയുന്ന എന്തെല്ലാം കൺസ്യൂമർ ഫ്രെണ്ട്‌ലി മാർഗ്ഗങ്ങളാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇപ്പോൾ ഓയിൽ കമ്പനികൾതന്നെ അവരുടെ പുതിയ ആശയമായി ഫോൺ ബുക്കിംഗ് കൊണ്ടുവന്നിരിക്കുകയാണ്. അത് ഐ.വി.ആർ.എസ്. സംവിധാനം ഉപയോഗിച്ചാണ് ചെയ്യുന്നത്. ഇന്റർനെറ്റ് വഴിയും ഒപ്പംതന്നെ എസ്.എം.എസ്. ഉപയോഗിച്ചും ഉപഭോക്താക്കൾക്ക് സിലിണ്ടർ ബുക്ക് ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് എന്നുള്ളതാണ് അവർ അറിയിച്ചിരിക്കുന്നത്. ഐ.വി.ആർ.എസ്., ഇന്റർനെറ്റ്, എസ്.എം.എസ്. എന്നീ മൂന്ന് സംവിധാനം വഴിയാണ് ഇപ്പോൾ സിലിണ്ടറുകൾ ബുക്കുചെയ്യാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇത് പുതിയ സംരംഭങ്ങളായി എന്നുള്ളതാണ്. ബുക്കിംഗിനെ സംബന്ധിച്ച് പരാതികൾ വരുന്ന അടിസ്ഥാനത്തിൽ

പലപ്പോഴും ഓപ്പൺ ഫോറങ്ങളിൽ ചർച്ചകൾക്ക് വിധേയമാക്കാറുണ്ട്. അത്തരത്തിലുള്ള ഏതെങ്കിലും ഏജൻസികളുടെ ഭാഗത്തുനിന്നും പരാതികൾ വരുന്നപക്ഷം അതുപോലുള്ള ഏജൻസികളെ പ്രത്യേകമായി അന്വേഷണത്തിന് വിധേയമാക്കും.

ശ്രീ. സി. മോയിൻകുട്ടി: സർ, സാധാരണഗതിയിൽ ഒരു കുടുംബത്തിന് 12 സിലിണ്ടറുകളാണ് വിതരണം ചെയ്യുന്നതെന്നാണ് സർക്കാർ തീരുമാനം. പക്ഷെ ആറോ ഏഴോ സിലിണ്ടർ മാത്രമാണ് അവർക്ക് ലഭ്യമാകുന്നത്. ബുക്ക് ചെയ്തുകഴിഞ്ഞ് ഒന്ന് ഒന്നര മാസത്തിനുശേഷമാണ് ഗ്യാസ് സിലിണ്ടർ ലഭിക്കുന്നത്. ഇങ്ങനെ വരുമ്പോൾ സിലിണ്ടർ കിട്ടി നിശ്ചിത ദിവസത്തിനുശേഷം മാത്രമേ അടുത്ത ബുക്കിംഗ് സ്വീകരിക്കുന്നുള്ളു. ഇതുകാരണം വീട്ടമ്മമാർ കരിഞ്ചന്തയിൽ ഇത് വാങ്ങേണ്ട സാഹചര്യം ഉണ്ടാകുകയാണ്. കരിഞ്ചന്തയിൽ നിന്നും വാങ്ങുമ്പോൾ അതുമായി ബന്ധപ്പെട്ട് പലപ്പോഴും സംഘർഷങ്ങൾ നടക്കുകയാണ്. ഞങ്ങളുടെ പ്രദേശത്ത് ഗ്യാസ് ഏജൻസികളിൽ പലപ്പോഴും സംഘർഷങ്ങളും സംഘട്ടനങ്ങളും വരെ നടക്കുകയാണ്. ഇത് കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇവർക്ക് നൽകുന്ന ശിക്ഷ എന്താണെന്ന് പറയാമോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, കേന്ദ്ര ഗവൺമെന്റ് നിബന്ധന കൊണ്ടുവന്നപ്പോൾ ആദ്യം ആറ് സിലിണ്ടറുകളായിരുന്ന ഒരു കുടുംബത്തിന് നിൽകിയിരുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റ് വളരെ ശക്തമായി യു.പി.എ. സർക്കാരുമായി സംസാരിച്ച് ഒൻപത് സിലിണ്ടറും പിന്നീട് അത് പന്ത്രണ്ട് സിലിണ്ടറുകളുമായി വർദ്ധിപ്പിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ സമയോജിതമായ ഇടപെടൽ ഉള്ളതുകൊണ്ടാണ് ഒരു സാമ്പത്തിക വർഷത്തേയ്ക്ക് ആറ് സിലിണ്ടറിൽ നിന്ന് പന്ത്രണ്ട് സിലിണ്ടറായി വർദ്ധിപ്പിച്ചത്. അക്കാര്യത്തിൽ കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് വളരെ ജനകീയമായ തീരുമാനം എടുക്കുകയും ചെയ്തു. ഒരു സിലിണ്ടർ കിട്ടിക്കഴിഞ്ഞ് 48 മണിക്കൂറിനുശേഷം അടുത്ത സിലിണ്ടർ ബുക്കുചെയ്യാമെന്നുള്ളതാണ് മാർക്കറ്റിംഗ് ഗൈഡ്‌ലൈൻസ്. അതനുസരിച്ച് 48 മണിക്കൂറിനുശേഷം ഏതൊരു ഉപഭോക്താവിനും വീണ്ടും ആ വ്യക്തിയുടെ സിലിണ്ടർ ബുക്കുചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.പി.ജി. ഒർഡർ 2000 (Liquified Petroleum Gas (Regulation of Supply and Distribution) Order, 2000) പ്രകാരമാണ് ഇപ്പോൾ പരിശോധനകൾ നടത്തുന്നത്. ആ ഓർഡറിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട ഏജൻസികളും കേന്ദ്രങ്ങളും

ട്രാൻസ്പോർട്ട് ചെയ്യുന്ന വാഹനങ്ങളും പരിശോധിക്കുവാനുള്ള അധികാരമുണ്ട്. ആ അധികാരം വിനിയോഗിച്ചുകൊണ്ടാണ് പരിശോധനകളും വിവിധ തരത്തിൽ സിലിണ്ടറുകൾ പിടിച്ചെടുക്കുന്നതും.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പാചക വാതക വിതരണത്തിലെ ക്രമക്കേടുകളെ സംബന്ധിച്ചാണ് നാം ചർച്ച ചെയ്യുന്നത്. ഗ്യാസ് ഏജൻസികളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാർ പലപ്പോഴും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്യാറുണ്ട്. അത് പത്രങ്ങളിൽ ധാരാളം വരാറുമുണ്ട്. എന്നാൽ ശക്തമായ നടപടി സ്വീകരിക്കാൻ നിലവിലുള്ള നിയമപ്രകാരം കഴിയാറില്ല. ഇത് ഒഴിവാക്കാൻ കേരളത്തിൽ പ്രവർത്തിക്കുന്ന ഏജൻസികളിന്മേൽ എന്തെങ്കിലും തരത്തിൽ നിയന്ത്രണം ലഭിക്കത്തക്കവിധം ശക്തമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇപ്പോൾ ഞാനിവിടെ സൂചിപ്പിച്ചതുപോലെ എൽ.പി.ജി. ഓർഡർ 2000 പ്രകാരമാണ് പരിശോധനകൾ നടത്തുന്നത്. അത് ഉപയോഗിച്ച് മൂവ് ചെയ്യുന്ന വെഹിക്കിൾസും എവിടെയെങ്കിലും ഇതിന് ഹോൾഡിംഗ്സും ഉണ്ടെങ്കിൽ പരിശോധിക്കുവാനുള്ള അധികാരം ഇപ്പോഴുണ്ട്. അത് വിനിയോഗിച്ചുകൊണ്ടുള്ള പരിശോധനകളാണ് നടത്തുന്നത്. കഴിഞ്ഞ 2014-

15 കാലയളവിൽ നടത്തിയ പരിശോധനകൾ ഏകദേശം ആയിരത്തോളം സിലിണ്ടറുകൾ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുതന്നെ പിടിച്ചെടുക്കുകയുണ്ടായി. നാനൂറിലധികം സന്ദർഭങ്ങളിൽ ഇതിന്റെ വിവിധ തലങ്ങളിലുള്ള ഇൻസ്പെക്ഷനുകൾ നടത്തുകയുണ്ടായി. ഒപ്പംതന്നെ അനധികൃത ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ പരിശോധിച്ചതിൽ നാല് സ്ഥലങ്ങളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട മെഷിനറികളും കണ്ടെത്തിയിട്ടുണ്ട്. ഈ നിയമത്തിന്റെയുള്ളിൽ നിന്നുകൊണ്ട് പരമാവധി ശക്തമായിത്തന്നെ ഡിപ്പാർട്ടുമെന്റും പരിശോധനകൾ നടത്തുന്നുണ്ട്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്:</u> സർ, ഗ്യാസ് സിലിണ്ടറുകളുടെയും റഗുലേറ്ററുകളുടെയും കാലപ്പഴക്കം കാരണം നിരവധി അപകടങ്ങൾ നിത്യേനയെന്നോണം കൂടിവരുകയാണ്. സിലിണ്ടറുകളും റെഗുലേറ്ററുകളും തകരാറിലായാൽ റിപ്പയർ ചെയ്യാൻ വേണ്ടത്ര സംവിധാനമില്ല. സർവ്വീസ് സെന്ററിൽ വിളിച്ചാൽ യാതൊരു മറുപടിയും ലഭ്യമല്ല. സിലിണ്ടറിൽ തന്നെ ടോൾ ഫ്രീ നമ്പർ നൽകി ആ നമ്പറിൽ വിളിച്ചാൽ അടിയന്തിര സഹായം ലഭ്യമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, സേഫ്റ്റി നോംസായി Automatic Crimping of the sealing ആണ് ഇപ്പോൾ അവർ ചെയ്തിരിക്കുന്നത്. ഒരു പ്ലാസ്റ്റിക് കവർ

റെഗുലേറ്ററിന്റെ പുറത്ത് ലഭ്യമാക്കുന്നുണ്ട്. എല്ലാ ഡെലിവെറി ബോയ്സിന്റെ കൈയിലും എല്ലാ ഗ്യാസ് ഏജൻസികളിലും വാൽവ് ചെക്ക് ചെയ്യുവാൻ Valve Checking Pen എന്ന പുതിയൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാൽവിന്റെ കാര്യത്തിലാണ് പലപ്പോഴും പരാതികൾ വരുന്നുവെന്നുള്ളതുകൊണ്ടാണ് ഈ പുതിയ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള സേഫ്റ്റി പ്രശ്നങ്ങൾ വരികയാണെങ്കിൽ വീടുകളിൽ വച്ചുതന്നെ പരിശോധിക്കുവാനുള്ള സാഹചര്യങ്ങളുമുണ്ട്. ഇതിനെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുന്ന സംവിധാനങ്ങളും കമ്പനികൾ സ്വീകരിക്കുന്നുണ്ട്. ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ചാൽ എടുക്കാത്ത സാഹചര്യങ്ങൾ പലതും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത് ബന്ധപ്പെട്ട കമ്പനികളെ അറിയിച്ചിട്ടുമുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, പാചകവാതക വിതരണവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പരാതികൾ വരുന്ന ഒരു ജില്ലയാണ് കണ്ണൂർ. ഏജൻസികളിൽ ജീവനക്കാരില്ല അതോടൊപ്പംതന്നെ ഗ്യാസ് മറിച്ചുകൊടുക്കുന്ന തുടങ്ങിയ വിഷയങ്ങൾക്കപ്പുറം കണ്ണൂർ ജില്ലയിൽ പലപ്പോഴും ചേളാരി പ്ലാന്റിൽ സമരമുണ്ടാകുമ്പോൾ ആ സമരം അവസാനിപ്പിച്ചാൽ സമീപ ജില്ലകളിൽ പെട്ടെന്ന്

ഗ്യാസ് എത്തിക്കാൻ സാധിക്കുന്നു. പക്ഷേ കണ്ണൂർ ജില്ലയിൽ വളരെയധികം കാലതാമസം എടുക്കുന്നു. ഇതിനൊരു പരിഹാരം കാണാൻ കണ്ണൂർ ജില്ലയിൽ ഒരു പ്ലാന്റ് ആവശ്യമാണ്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ അവിടെ നടക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതോടൊപ്പംതന്നെ ഇത്തരം ഘട്ടം വരുമ്പോൾ മൈസൂർ പ്ലാന്റിൽ നിന്ന് കണ്ണൂർ ജില്ലയിലേയ്ക്ക് ഗ്യാസ് എത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു അഡ്ഹോക് സംവിധനം ഉണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഏജൻസികളിൽ ജീവനക്കാരില്ല തുടങ്ങിയ വിഷയങ്ങൾ അവരുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. അതെന്തായാലും ശ്രദ്ധയിൽ കൊണ്ടുവരാം. ഒപ്പംതന്നെ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇവിടെ ആവശ്യത്തിനു പ്രൊഡക്ഷനുണ്ട് എന്നുള്ളതാണ്. പലപ്പോഴും ലേബർ പ്രശ്നങ്ങൾ കാരണമാണ് ഇതിന്റെ വിതരണത്തിൽ കാലതാമസം വരുന്നത്. പക്ഷേ അടിന്തരമായി അത്തരത്തിലുള്ള സാഹചര്യങ്ങളുണ്ടെങ്കിൽ അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, കൊച്ചി നഗരത്തിൽ പാചകവാതകത്തിന്റെ ക്ഷാമം വളരെ കൂടുതലാണ്. ഇതിനൊരു പരിഹാരമാകുമെന്ന രീതിയിൽ ആരംഭിക്കുവാൻ തീരുമാനിച്ച പൈപ്പിലൂടെ ഗ്യാസ് വിതരണം ചെയ്യുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ

പ്രൊജക്ടിന്റെ പ്രവർത്തനം എവിടെ വരെയായി. അത് ഉടനെ ആരംഭിക്കുമോ എന്ന കാര്യം വിശദമാക്കാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, എൽ.പി.ജി. പൈപ്പ് ലൈൻ വീടുകളിൽ എത്തിക്കുന്നതിനാണ് ഐ.ഒ.സി-യും സിറ്റി ഗ്യാസും സംയുക്തമായി പി.എൻ.ജി എന്ന സംവിധാനത്തിലേയ്ക്ക് നീങ്ങുന്നത്. അതിന്റെ നടപടികൾ മുന്നോട്ടുപോകുന്നുവെന്നുള്ളതാണ് ഐ.ഒ.സി. അറിയിച്ചിരിക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ: സർ, കേരളത്തിലെ നിത്യ ജീവിതത്തിൽ തീരെ ഒഴിവാക്കാൻ പറ്റാത്ത ഒരു സാധനമായി പാചകവാതക ഗ്യാസ് മാറിയിരിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിൽ പല വീട്ടുകാർക്കും ഒരു സിലിണ്ടറാണുള്ളത്. ആ സിലിണ്ടർ കഴിഞ്ഞ് ബുക്ക് ചെയ്താൽ ഒന്നര മാസം കഴിഞ്ഞാണ് ലഭിക്കുന്നത്. രണ്ടു സിലിണ്ടർ ഉള്ളവർക്ക് ഇത് ഉപകാരപ്രദമാകും. പക്ഷേ ഒരു സിലിണ്ടർ ഉള്ളവരുടെ കാര്യം വളരെ കഷ്ടമാണ്. അതേപോലെതന്നെ പാലക്കാട് ജില്ലയിലെ പല ഏജൻസികളും 100 രൂപ വാങ്ങി പുതിയ രജിസ്ട്രേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി പേരിൽ നിന്ന് പണം കളക്റ്റ് ചെയ്തു. അതൊരു അഴിമതിയാണ്. അത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. 100 രൂപ വാങ്ങിച്ച് പ്രത്യേകമായ രജിസ്ട്രേഷൻ നടത്തുന്നുവെന്ന പരാതി പരിശോധനയ്ക്കും അന്വേഷണത്തിനും വിധേയമാക്കും.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, പാചകവാതകം വളരെ അത്യാവശ്യമായൊരു കാര്യമായി വന്നിരിക്കുകയാണ്. ഇതിന്റെ വിതരണത്തെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചും ഒരുപാട് പരാതിയുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ജനപ്രതിനിധികൾ, ഉപഭോക്താക്കൾ, വിതരണക്കാർ, ഉദ്യോഗസ്ഥന്മാർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് കാലാകാലങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇപ്പോൾ രണ്ടു സംവിധാനങ്ങളാണ് വന്നിരിക്കുന്നത്. ഒന്ന്, ഏജൻസികളിൽ തന്നെയുള്ള ഒരു മോണിറ്ററിംഗ് സംവിധാനവും രണ്ട്, ഓപ്പൺ ഫോറങ്ങളുമാണ്. ഓപ്പൺ ഫോറം കളക്ടർമാരുടെ അധ്യക്ഷതയിലാണ്. ജനപ്രതിനിധികൾ അടക്കമുള്ളവർ അതിൽ പങ്കെടുക്കുന്നുണ്ട്. ഇതിനുപുറമേ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ താലൂക്ക് തലത്തിലുള്ള വിജിലൻസ് കമ്മിറ്റികളുടെ രൂപീകരണം നടത്തിയിട്ടുണ്ട്. അതിനെ

പൊതുവിതരണവുമായി ബന്ധപ്പെട്ടുള്ള എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാനുള്ള വേദിയായാണ് കണക്കാക്കുന്നത്. ഓപ്പൺ മാർക്കറ്റിലെ പ്രൈസ്, താലൂക്ക് തലത്തിലുള്ളതിനകത്ത് ജനപ്രതിനിധികളും ഉള്ളതാണ്. ഓപ്പൺ ഫോറങ്ങളിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കും.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, ഗ്യാസ് ഏറ്റവും അനിവാര്യമായ കാര്യമായി വന്നിട്ടുണ്ട് നമ്മുടെ സമൂഹത്തിൽ. താലൂക്ക് വികസന സമിതിയിലൊക്കെ ഏറ്റവും വലിയ പ്രശ്നമായി ഇവിടെ പറയാറുള്ളത് ഗ്യാസിന്റെ തൂക്കത്തിൽ കുറവുള്ളതായി വന്നിട്ടുള്ള പരാതിയാണ്. അതോടൊപ്പംതന്നെ ബുക്ക് ചെയ്താൽ കിട്ടാനുള്ള താമസം. സമരം അല്ലാത്തപ്പോൾ പോലും ഗ്യാസ് കിട്ടാനുള്ള താമസം വരുന്നതും അളവിൽ കുറവ് വരുന്നതുമായുള്ള പരാതി വരുന്നു. ഇത് അന്വേഷിക്കണം. കൊട്ടാരക്കരയിൽ ഒരൊറ്റ ഏജൻസി മാത്രമാണ് വർഷങ്ങളായിട്ട് പ്രവർത്തിക്കുന്നത്. ഒരു ഏജൻസികൂടി വരാനുള്ള ഒരു വലിയ ശ്രമം നടത്തിയെങ്കിലും അത് എവിടെയോ അട്ടിമറിഞ്ഞു പോകുന്നുണ്ട്. ഒരു ഏജൻസികൂടി വന്നാൽ തീർച്ചയായിട്ടും ഈക്കാര്യത്തിൽ മാറ്റം വരും. അതിനുകൂടിയുള്ള ഇടപെടൽ നടത്തുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഗ്യാസിന്റെ തൂക്കം പരിശോധിക്കാനുള്ള സിസ്റ്റം ഡെലിവെറി ബോയ്സിന്റെ കൈയിൽ നിർബന്ധമായും ഉണ്ടായിരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു സിലിണ്ടർ 14.2 കിലോഗ്രാം വരണം. ഉപഭോക്താവിന് സംശയമുണ്ടെങ്കിൽ അവിടെ വച്ച് തന്നെ തൂക്കി നോക്കാനുള്ള സംവിധാനം ഉണ്ടാവണം എന്നുള്ളതാണ്. ഏതെങ്കിലും തരത്തിൽ അത് ഇല്ലായെന്നുണ്ടെങ്കിൽ പരാതികൾ വന്നാൽ തീർച്ചയായും അത് അന്വേഷിപ്പിക്കാം. ഇതുമായി ബന്ധപ്പെട്ട കർശന നിർദ്ദേശം ഏജൻസികൾക്കും അതോടൊപ്പം തന്നെ ഓയിൽ കമ്പനികൾക്കും കൊടുക്കാം. കൂടുതൽ ഏജൻസികൾ ആവശ്യമാണെന്നുള്ളത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ ഗവൺമെന്റ് തന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഏജൻസികളെ നിയോഗിക്കേണ്ടതും കൊടുക്കേണ്ടതും ഓയിൽ കമ്പനികളാണ്. കൂടുതൽ ഏജൻസികൾ കേരളത്തിൽ ആവശ്യമാണെന്നുള്ളത് ഗവൺമെന്റ് നിരന്തരമായി ഓയിൽ കമ്പനികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ പല സ്ഥലങ്ങളിലും ബുക്കിംഗ് നടത്തിയ ശേഷം സിലിണ്ടർ കിട്ടാതെ വരുന്ന സ്ഥിതി വളരെയേറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഗുരുവായൂർ പോലെയുള്ള നഗരങ്ങളിൽ പലപ്പോഴും ഇവിടെ

ചൂണ്ടിക്കാണിച്ചതുപോലെ ഫോൺ ചെയ്താൽ എടുക്കില്ല, എസ്.എം.എസ് അയച്ചാൽ പലപ്പോഴും കിട്ടിയില്ലെന്ന് പറയും. അതുകൊണ്ട് ഈ ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ പ്രത്യേകമായി പ്രശ്നം കൈകാര്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇപ്പോൾ ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നത് ഐ.വി.ആർ.എസ്, എസ്.എം.എസ്, ഓൺലൈൻ ബുക്കിംഗ് എന്നിവയൊക്കെയാണ്. ഇതനുസരിച്ച് ബുക്ക് ചെയ്താണ് ഒരു ഉപഭോക്താവിന് സിലിണ്ടർ ലഭ്യമാകുന്നത്. തീർച്ചയായിട്ടും ഇവിടെ അംഗങ്ങൾ ചൂണ്ടിക്കാട്ടുന്നതുപോലെതന്നെ പലപ്പോഴും സിലിണ്ടറുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ട് എന്നുള്ളതാണ്. എന്തായാലും ഏജൻസിയുമായി ഈ വിഷയം വീണ്ടും ചർച്ചചെയ്യ് വയ്ക്കാം. അവരുടെ ശ്രദ്ധയിലേയ്ക്ക് ഇത് കൊണ്ടുവരാനും കാലതാമസം ഉണ്ടാവാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കാം. ഒപ്പംതന്നെ ക്ഷാമം നേരിടുന്ന പ്രത്യേക മേഖലകളുണ്ടെങ്കിൽ അത് ഐഡന്റിഫൈ ചെയ്ത് അവിടെ പ്രത്യേകമായി പരിഹാരമാർഗ്ഗം എന്താണെന്ന് ഗവൺമെന്റ് ആലോചിച്ച് തീരുമാനവും എടുക്കാം.

ശ്രീമതി കെ. കെ. ലതിക: സർ, പുതുതായി ഗ്യാസ് സിലിണ്ടർ വാങ്ങുന്ന ഉപഭോക്താക്കൾക്ക് അവിടെനിന്ന് സ്റ്റൗ അല്ലെങ്കിൽ കുക്കർ എന്നിവ വാങ്ങിയാൽ മാത്രമേ സിലിണ്ടറുകൾ കൊടുക്കൂ എന്നുള്ള സമീപനമാണ് ഇന്ന് മിക്ക ഏജൻസികളും സ്വീകരിക്കുന്നത്. ഇത് ശരിയായ നടപടിയല്ലല്ലോ. അത് നിർത്തലാക്കാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം പല സന്ദർഭങ്ങളിലായിട്ട് ഇവിടെ വന്നിട്ടുള്ളതാണ്. ഇത് നിയമവിരുദ്ധമാണ്. ഒരു ഉപഭോക്താവ് കണക്ഷൻ എടുക്കാൻ ചെല്ലുമ്പോൾ ആ വ്യക്തി ഏജൻസിയിൽനിന്നും സ്റ്റൗ അല്ലെങ്കിൽ അങ്ങനെയുള്ള യാതൊരു സാധനങ്ങളും വാങ്ങണമെന്ന് നിർബന്ധമില്ല. അങ്ങനെയുള്ള ഏജൻസികളുണ്ടെങ്കിൽ അവർക്കെതിരെ നിർബന്ധമായും നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. രാജു: സർ, എന്റെ നിയോജകമണ്ഡലത്തിൽ അച്ചൻകോവിൽ എന്ന പ്രദേശം രണ്ട് വാർഡുകൾ ചേർന്ന, ഏതാണ്ട് 3000 കുടുംബങ്ങൾ താമസിക്കുന്ന ഒരു ഒറ്റപ്പെട്ട പ്രദേശമാണ്. അതുപോലെതന്നെ റോസുമല, 400-ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന ഒരു വാർഡാണ്. ഈ പ്രദേശങ്ങളിലെ വീട്ടുകാർക്ക് ഇപ്പോഴത്തെ ഏജൻസിയുടെ വിതരണ ശൃംഖല അനുസരിച്ച് ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന്

യാതൊരു സാധ്യതയുമില്ല. അതുകൊണ്ട് അത്തരം റിമോട്ട് ഏരിയകളിലുംകൂടി പുതിയതായി ഗ്യാസ് ഏജൻസി അനുവദിക്കുന്നതിന് ശ്രമിക്കണം. അതോടൊപ്പം പലപ്പോഴും ന്യായമായും അർഹതയുള്ളവരും അപേക്ഷിച്ചാൽ ഈ അപേക്ഷയെല്ലാം പരിഗണിച്ചിട്ട് അവസാനം വരുമ്പോൾ... യാഥാർത്ഥത്തിൽ ഞാനൊന്ന് സൂചിപ്പിക്കാം.

മി. സ്പീക്കർ: യെസ്. ചോദ്യം മാത്രം. പ്ലീസ്.

ശ്രീ. കെ. രാജു: സർ, ഭരണകക്ഷിയുടെ നേതാക്കൻമാരായിട്ടുള്ള ആളുകൾ അപേക്ഷിച്ചാൽ അവർക്ക് കിട്ടുന്ന എന്ന സ്ഥിതിയുണ്ട്. ഇതിന്റെയൊരു രസതന്ത്രം എന്താണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഗ്യാസ് ഏജൻസികളൊക്കെ പ്രൈവറ്റ് കമ്പനികളാണ്. അവർ ഭരണകക്ഷി-പ്രതിപക്ഷകക്ഷി വ്യത്യാസം വച്ച് കണക്ഷൻ കൊടുക്കുന്നതായിട്ട് ശ്രദ്ധയിൽ വന്നിട്ടില്ല. എല്ലാ പ്രദേശത്തുള്ള ഏജൻസികളും ഇൻഡിപെന്റന്റ് കമ്പനികളാണ്. അത്തരത്തിൽ പരാതികളുണ്ടെങ്കിൽ തീർച്ചയായിട്ടും ശ്രദ്ധിക്കാം. രണ്ടാമത്തെ കാര്യം, കൂടുതൽ ഏജൻസികൾ തുടങ്ങണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനെസംബന്ധിച്ച് ഓയിൽ കമ്പനികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം, മലപ്പുറം

ജില്ലകളിലടക്കം പുതിയ ഏജൻസികൾ കോൾഫോർ ചെയ്തിട്ടുണ്ടെന്നുള്ളതാണ് ഞാനിപ്പോൾ മനസ്സിലാക്കുന്നത്. റിമോട്ട് ഏരിയകളിൽ നിർബന്ധമായും കൂടുതൽ ഏജൻസികൾ ആരംഭിക്കണമെന്നുള്ള വിഷയം വളരെ ഗൗരവമായിത്തന്നെ എടുക്കുന്നു. അക്കാര്യം നിർബന്ധമായും കമ്പനികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് തെറ്റിദ്ധരിക്കരുത്. അവിടെ നൂറ് ക്വസ്റ്റ്യൻ കൊടുത്താലും ഇവിടെ ഇരുന്നൂറ് ക്വസ്റ്റ്യൻ കൊടുത്താലും എനിയ്ക്ക് എതിരല്ല. തുടർച്ചയായിട്ട് അവിടെ അഞ്ച് ക്വസ്റ്റ്യൻ കൊടുത്തു.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. പി. സി. ജോർജ്: സർ, സഭയിൽ സത്യമറിയണ്ടേ. ആരെങ്കിലും തെറ്റിദ്ധരിക്കും. ഒരു ചോദ്യത്തിനായി ഞാനിവിടെ കൈപൊക്കിയിരിക്കുകയാണ്. അത് മര്യാദയാണോ എന്നാണ് ചോദിച്ചത്. ഒരു തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കാൻ പറഞ്ഞതാണ്. നിങ്ങൾക്ക് ചോദ്യം തരുന്നതിനോ ഇവിടെ ചോദ്യം കൊടുക്കുന്നതിനോ ഞാൻ എതിരല്ല. സത്യം നിങ്ങൾ മനസ്സിലാക്കാൻ പറഞ്ഞുവെന്നേയുള്ളൂ. അഞ്ച് ചോദ്യം കൊടുത്തിട്ട് ഒരു ചോദ്യം പോലും ഇല്ലെന്ന് പറഞ്ഞാൽ പറ്റുമോ; അതേ ചോദിച്ചുള്ളൂ. പിണക്കമൊന്നുമില്ല. പാചക വാതകത്തെ

സംബന്ധിച്ച് ആദ്യം ചോദ്യം വന്നപ്പോൾ മുതൽ ഞാൻ കൈ ഉയർത്തി നിൽക്കുന്നതാണ്. നമ്മുടെ ഗ്രാമീണ മേഖലകളിൽ പാചകവാതക വിതരണത്തിൽ വ്യാപകമായ അടിച്ചുമാറ്റലാണ് നടക്കുന്നത്. അതിൽ യാതൊരു സംശയവുമില്ല. ഓട്ടോറിക്ഷകൾ പോലും പാചകവാതകം ഉപയോഗിച്ച് ഓടുന്നത് കാണാൻ കഴിയും. എരുമേലി പഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടറുമെല്ലാം ഇടപെട്ട് ഓരോ റൂട്ടുകൾ നിശ്ചയിച്ചു കൊടുക്കും. ആ റൂട്ടിലൂടെ പോകില്ല. പാചകവാതക ഏജൻസികളെല്ലാം കൂടി ഇതിനകത്ത് അടിച്ചുമാറ്റമാണ്. ഇത് മാറ്റുന്നതിനെ സംബന്ധിച്ച് എനിക്കിവിടെ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ അഭിപ്രായമാണുള്ളത്. ഇവിടെ പലരും സൂചിപ്പിച്ചതാണ്. ജനപ്രതിനിധികളുടെ ഒരു കമ്മിറ്റി, പ്രത്യേകിച്ച് പഞ്ചായത്ത് തന്നെ നോക്കണമെന്നാണ് എന്റെ അഭിപ്രായം. എല്ലാത്തിനും എം.എൽ.എ.-മാർ ഇറങ്ങിത്തിരിക്കേണ്ട കാര്യമില്ല. പഞ്ചായത്ത് പ്രസിഡന്റും താലൂക്ക് സപ്ലൈ ഓഫീസറോ അല്ലെങ്കിൽ അതുപോലെയുള്ള ഉദ്യോഗസ്ഥൻമാരെയോ ബന്ധപ്പെടുത്തിക്കൊണ്ട് റൂട്ട് നിശ്ചയിക്കുകയും ആ റൂട്ടിലൂടെ കൃത്യമായി ഗ്യാസ് ഏജൻസി ഗ്യാസ് വിതരണം ചെയ്യുവെന്ന് ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിക്കുന്നതിനെകുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ ഡി.ബി.റ്റി.എൽ. സ്കീം അടക്കം

കടന്നുവന്നതിനുശേഷം ലഭ്യമായിരിക്കുന്ന പുതിയ കണക്കനുസരിച്ച് 90 ശതമാനം ഡൈവേർഷൻസും ഒഴിവാക്കാൻ കഴിഞ്ഞു. പുതിയ സ്കീം വന്നതിനുശേഷം വളരെ ക്രിയാത്മകമായ മാറ്റം കരിഞ്ചന്തയിൽ തടയിടുവാനായി സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. പി. സി. ജോർജ്ജും ശ്രീ. ബെന്നി ബെഹനാനും ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ ജനപ്രതിനിധികളുടെ പങ്കാളിത്തം കൂടി ഉണ്ടാകുന്ന തരത്തിലുള്ള താലൂക്കുതല കമ്മിറ്റികൾ ഗവൺമെന്റ് തന്നെ മുൻകൈയ്യെടുത്ത് രൂപീകരിക്കും. അതിൽ ജനപ്രതിനിധികളും പഞ്ചായത്ത് അംഗങ്ങളുമടക്കമുള്ളവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തും. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിവിധ വിഷയങ്ങൾ മനസ്സിലാക്കാനും നേരിട്ടറിയാനും കഴിയുന്നത് പഞ്ചായത്ത് അംഗങ്ങൾക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കും തന്നെയാണ്. അതുകൊണ്ട് അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ താലൂക്കുതല വിജിലൻസ് കമ്മിറ്റികൾ റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്തെടുക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പുതിയ ഏജൻസികൾ വന്നുകഴിഞ്ഞാൽ പഴയ ഏജൻസികൾ അവരുടെ ജൂറിസ്ഡിഷ്യനിൽ നിന്ന് കൺസ്യൂമേഴ്സിനെ മാറ്റികൊടുക്കുന്നതിന് വൈമനസ്യം കാണിക്കുന്നു. അപേക്ഷ കൊടുത്താൽപ്പോലും

അവരുടെ പഴയ ഏജൻസിയെ മാറ്റി ഏറ്റവും അടുത്തുള്ള ഏജൻസിയിലേയ്ക്ക് കൊടുക്കുന്നതിന് പലപ്പോഴും ഇതിന്റെ നടത്തിപ്പുകാർ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ ഗവൺമെന്റ് ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, തീർച്ചയായും ഏജൻസികൾ കൊടുക്കുന്നത് ഒരോ ഏരിയ തിരിച്ചാണ്. വിതരണത്തിന്റെ ലൊക്കേഷൻ ക്രമീകരിച്ചാണ് പുതിയ ഏജൻസികൾക്ക് കൊടുക്കുന്നത്. ചില ഏജൻസികൾ അവരുടെ നിക്ഷിപ്ത താൽപ്പര്യം കൊണ്ടായിരിക്കും ജൂറിസ്ഡിഷ്യൻ മാറ്റികൊടുക്കുന്നതിന് വൈമനസ്യം കാണിക്കുന്നത്. ഗവൺമെന്റ് അത് വളരെ ഗൗരവമായി ടെക്ക്അപ്പ് ചെയ്യും. പുതിയ ഏജൻസികൾക്ക് ഒരു ഉപഭോക്താവിന്റെ സൗകര്യം അനുസരിച്ച് തന്നെ ഏജൻസികളിൽ അവർക്ക് എൻറോൾ ചെയ്യാനുള്ള സൗകര്യം ഗവൺമെന്റ് ഒരുക്കികൊടുക്കുന്നതാണ്.

## നെൽവയൽ ഡാറ്റാ ബാങ്കിലെ പോരായ്മകൾ

*(242) ശ്രീ. എം.ഉമ്മർ:
ശ്രീ. കെ.എൻ.എ.ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലെ പോരായ്മകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡാറ്റ ശേഖരിക്കുന്നതും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതും സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) അടിസ്ഥാന നികുതി രേഖകളിൽ ഭൂമാഫിയകൾക്കനുകൂലമായി മാറ്റങ്ങൾ വരുത്താനുള്ള നീക്കത്തിനെതിരെ നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ഉണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടങ്ങളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 5 പ്രകാരം രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണ സമിതിക്കാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുവാനുള്ള അധികാരം. ടി നിയമത്തിലെ ചട്ടം 4(2)-ൽ ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ട രീതി വിശദീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ റവന്യൂ റിക്കോർഡുകളുടെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കുന്ന കരട് പ്രാദേശികതല നിരീക്ഷണ സമിതി പരിശോധിച്ച് യുക്തമായ തിരുത്തലുകൾ വരുത്തി ഉപഗ്രഹചിത്രങ്ങളുടെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ അന്തിമ രൂപം നൽകി സമിതി അംഗീകരിക്കേണ്ടതുമാണ്.

(സി) ഭൂമാഫിയകൾക്കനുകൂലമായി അടിസ്ഥാന നികുതി രേഖകളിൽ മാറ്റങ്ങൾ വരുത്താനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരമുള്ള നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇങ്ങനെ നിയമം പാസായി വർഷങ്ങൾ ഒരുപാട് പിന്നിട്ടിട്ടുണ്ടെങ്കിലും ഇതുവരെ ഉപഗ്രഹചാനലിന്റെയും മറ്റും അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഡേറ്റാ ബാങ്ക് ഏതെങ്കിലും ജില്ലയിൽ പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര സമയത്തിനുള്ളിൽപൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, 978 പഞ്ചായത്തുകളിൽ 238 പഞ്ചായത്തുകൾ ഡേറ്റാ ബാങ്ക് പബ്ലിഷ് ചെയ്തിട്ടുണ്ട്. 677 പഞ്ചായത്തുകളിൽ നിന്ന് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് കൊടുത്തിരിക്കുകയാണ്. ബാക്കി നിൽക്കുന്ന 42 പഞ്ചായത്തുകളിലാണ് ഇനിയും ഡേറ്റാ ബാങ്ക് തയ്യാറാക്കി പബ്ലിഷ് ചെയ്യാൻ കൊടുക്കാനുള്ളത്. ഇപ്പോൾ കൊടുത്തതനുസരിച്ച് ഗവൺമെന്റ് പ്രസ്സിൽ അച്ചടി നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി വരുന്നത് 42 പഞ്ചായത്തുകൾ മാത്രമാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇങ്ങനെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുമ്പോൾ അഞ്ചു സെന്റ്, പത്തുസെന്റ് ഭൂമികൾക്ക് അപേക്ഷിച്ചിട്ടുള്ള ആളുകളുടെ അപേക്ഷകൂടി പരിഗണിച്ച് അങ്ങനെയുള്ള ഭൂമികൂടി ഒഴിവാക്കിയാണോ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതുപോലെ ചില പ്രദേശങ്ങൾ വർഷങ്ങളായി പാർപ്പിടങ്ങളായി, കുടികിടപ്പുകളായി നിൽക്കുന്ന ഭൂമികളുണ്ട്. അതുപോലുള്ള വീടുകൾ ഡോക്കുമെന്റിൽ ഒരുപക്ഷേ നിലം എന്നായിരിക്കും. പക്ഷേ, വർഷങ്ങളോളമായി അവിടെ കൃഷി ചെയ്യാൻ പറ്റാത്തതും വീടുകൾ വച്ച് താമസിക്കുന്നതുമായിരിക്കും. അങ്ങനെയുള്ള പ്രദേശങ്ങൾ ഒഴിവാക്കിയിട്ടാണോ ഈ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ അങ്ങനെയുള്ള പ്രദേശങ്ങൾ, വീട് വയ്ക്കുന്ന സ്ഥലങ്ങൾ ഒഴിവാക്കി കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, നിരവധി മേഖലയിൽ വ്യാപകമായ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഡേറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ ഒരുപാട് അപാകതകൾ നിലവിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോല ബി.റ്റി.ആർ. രജിസ്റ്ററിൽ ഇപ്പോഴും നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഡേറ്റാ ബാങ്കിലെ അപാകതകൾ കൂടി നമുക്ക് പരിഹരിക്കപ്പെടണമെന്നുണ്ടെങ്കിൽ നിയമത്തിൽ ചില ഭേദഗതികൾ വളരെ അത്യന്താപേക്ഷിതമാണ്. നിയമത്തിൽ ചില

ഭേദഗതികൾ കൊണ്ടുവന്നെങ്കിൽ മാത്രമേ ഡേറ്റാ ബാങ്കിലെ അപാകതകൾ ഒന്നാമതായി പരിഹരിക്കാൻ സാധിക്കൂ. അതോടൊപ്പം തന്നെ ഇത് പരിഹരിക്കപ്പെടുമ്പോൾ ബി.റ്റി.ആർ. രജിസ്റ്ററിൽ കൂടി തിരുത്തൽ വരുത്തുന്നതിനുവേണ്ടിയുള്ള ചില ഭേദഗതികൾ നമുക്കാവശ്യമായി വരും. അത്തരം കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇനി ഒരിക്കലും വയലായി മാറ്റുവാനോ മാറാനോ സാധ്യതയില്ലാത്ത തരം ഭൂമികൾ ഉണ്ട്. കാർഷിക ഉൽപ്പന്നങ്ങൾക്ക് നല്ല വിലകിട്ടുമെന്ന് ഉറപ്പില്ലാത്ത കാലത്തോളം ഭൂമി തരം മാറ്റുന്നതിനേയോ തരിശിടുന്നതിനേയോ തടയാൻ ഒരു സർക്കാർ നിയമത്തിനും സാധ്യമല്ല. വർഷങ്ങളായി ധാരാളം വയലുകളും അനുബന്ധപ്രദേശങ്ങളും തെങ്ങ്, കമുക് തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുവളർത്തിയും മറ്റു പലരീതിയിലും തരം മാറ്റി കിടക്കുന്നുണ്ട്. അതൊക്കെ രേഖകളിൽ വയലായി നിലനിർത്തേണ്ട ആവശ്യമുണ്ടോ; ഇനിയൊരിക്കലും വയലായി മാറാൻ സാധ്യതയില്ലാത്ത ഭൂമി റവന്യൂ അധികൃതർ ഒരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി പ്രമാണങ്ങളിൽ തരംമാറ്റിക്കൊടുക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, നിലവിലുള്ള ഭൂമി നിലം അല്ലെങ്കിൽ പോലും നിലം എന്നാണ് രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥലപരിശോധന നടത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നാണ് 2008-ലെ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. അപാകതകൾ കടന്നുകൂടിയിട്ടുണ്ടെന്ന പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ അത് ശരിയാണെന്ന് നേരിട്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആ അപാകതകൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടി, 2008 ന് മുൻപ് തരം മാറ്റിയിട്ടുള്ള സ്ഥലങ്ങൾ/പ്രദേശങ്ങൾ തിരുത്തി എടുക്കുന്നതിന് ഒരു ഫീസ് ഈടാക്കിക്കൊണ്ട് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള സംസ്ഥാനം നിലവിൽ വന്ന 1955-58 കാലയളവിൽ 7.80 ലക്ഷം ഹെക്ടർ നെൽകൃഷി നമുക്ക് ഉണ്ടായിരുന്നു. എന്നാൽ കേരളാ ഇക്കണോമിക് റിവ്യൂവിന്റെ കണക്കനുസരിച്ച് 2007-08-ൽ ഇത് 2.30 ലക്ഷം ഹെക്ടർ സ്ഥലം മാത്രമായി കുറയുകയുണ്ടായി. വർഷംതോറും ഭീകരമാം വിധം നെൽവയലുകൾ നികത്തപ്പെട്ടിട്ടുണ്ടെന്നാണ് ഇത്

വ്യക്തമാക്കുന്നത്. എന്നാൽ ഈ നിയമം വന്നതിനുശേഷം നെൽവയലുകളും തണ്ണീർത്തടങ്ങളും കാര്യക്ഷമമായി സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിയമം അതിനുപകരിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിനുള്ള ഡാറ്റാ റവന്യൂവകുപ്പിന്റെ കൈവശമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ നിയമം പ്രാവർത്തികമാക്കി നടപ്പാക്കി വരുന്നുണ്ടെങ്കിൽ പോലും പലയിടങ്ങളിലും ഇപ്പോഴും നെൽവയൽ മണ്ണിട്ട് നികത്തുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. നിയമത്തിലെ ചില അപര്യാപ്തതകൾ മൂലമാണ് അത് പരിഹരിക്കാൻ കഴിയാതെ പോകുന്നത്. ഈ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരണം എന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ ശക്തമായ നിലപാട്. നിയമാനുസൃതമല്ലാതെയും അനുമതി വാങ്ങാതെയും വയലുകൾ നികത്തുന്നുണ്ടെങ്കിൽ അങ്ങനെ നികത്തുന്ന വയലുകൾ ആരുടേതാണെങ്കിലും അത് സർക്കാർ നേരിട്ട് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന രീതിയിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി. കെ. ബഷീർ: സർ, കേവലം അഞ്ചോ പത്തോ സെന്റ് ഭൂമിയുള്ള പാവപ്പെട്ട ആളുകൾ അവരുടെ അറിവില്ലായ്മ കൊണ്ട് അവിടെ ഒരു വീട്

വയ്ക്കുകയും ആ വീടിന് അനുമതിയ്ക്ക് പോകുമ്പോൾ മുൻപ് തരം മാറ്റിയ ഭൂമിയായതിനാൽ പെർമിഷൻ ലഭ്യമാകാതിരിക്കുകയും അതിനാൽ പഞ്ചായത്തിന് നമ്പർ അനുവദിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥ ഉണ്ടാകുന്നു. എന്നാൽ അഞ്ച് സെന്റ് ഭൂമിക്ക് അനുവാദം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ മുതലായവർ അടങ്ങിയ ഒരു കമ്മിറ്റി അത് ചെയ്യുകയുമില്ല. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇതുപോലുള്ള ധാരാളം പരാതികൾ ലഭിക്കാറുണ്ട്. അതുകൊണ്ട് അഞ്ച് സെന്റ് ഭൂമിയിൽ അല്ലെങ്കിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം അവരുടെ അറിവില്ലായ്മ കൊണ്ട് വീട് വെച്ച ഈ പാവപ്പെട്ട ആളുകൾക്ക് നമ്പർ കൊടുക്കാൻ പറ്റാത്ത ഒരവസ്ഥയുണ്ട്. അതിന് ഒരു പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; പെർമിഷൻ ഇല്ലാതെ അഞ്ച് സെന്റ് ഭൂമി തരംമാറ്റിയ പാവപ്പെട്ട ആളുകൾക്ക് അത് റെഗുലൈസ് ചെയ്ത് കൊടുക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഇപ്പോൾ തന്നെ പഞ്ചായത്ത് പ്രദേശങ്ങളിൽ, അവരുടെ പേരിൽ ആ ജില്ലയിൽതന്നെ വേറെ ഇടങ്ങളിൽ ഭൂമിയില്ലായെന്ന്

ഉറപ്പ് വരുത്തിക്കൊണ്ട്, 10 സെന്റ് ഭൂമിയും അതുപോലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റ് ഭൂമിയും നികത്തി വീട് വയ്ക്കുന്നതിനുള്ള അനുമതി കൊടുക്കണമെന്ന് 2008-ലെ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. നിയമത്തിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ പോലും നിയമത്തിലുള്ള പരിജ്ഞാന കുറവുകൊണ്ട് പല ആളുകളും വീടുകൾ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ തന്നെ റവന്യൂ സർവേ അദാലത്ത് നടത്തിയ അവസരത്തിൽ പ്രത്യേകിച്ച് മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിൽ എത്തിചേർന്നപ്പോൾ നിരവധി ആളുകളാണ് വീട് പൂർത്തീകരിച്ചിട്ടില്ല, പണി പകുതി ചെയ്തിട്ടിരിക്കുന്നു, പഞ്ചായത്തിൽ നിന്ന് നമ്പർ കിട്ടുന്നില്ല എന്ന പരാതികളുമായി വന്നത്. ഇത് ഗൗരവപൂർവ്വം എടുക്കേണ്ട ഒരു കാര്യമാണ്. പക്ഷേ, നമ്മൾ ഉണ്ടാക്കിയിട്ടുള്ള നിയമത്തിൽ പഴുതുകളില്ലാ എന്നുള്ളതു കൊണ്ടാണ് ഈ പ്രശ്നം വളരെ വേഗത്തിൽ പരിഹരിക്കാൻ കഴിയാതെ പോകുന്നത്. തീർച്ചയായും ഈ നിയമത്തിൽ മാറ്റങ്ങളുണ്ടാകുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ബഷീർ ചോദിച്ച ചോദ്യത്തിന് അനുസരിച്ചുതന്നെ ചില മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ പാവപ്പെട്ട ആളുകൾക്ക് അതിന് അനുമതി കൊടുക്കാനുള്ള അവസരം

ഒരുക്കിയെടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം നമ്മുടെ നാട്ടിലെ നെൽവയലുകൾ സംരക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണ്. 2008-ന് മുൻപ് നികത്തിയ ഭൂമിക്ക് അനുമതി കൊടുക്കും എന്ന നിലയിലുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. നെൽവയൽ അപൂർവ്വമായെങ്കിലും അവശേഷിക്കുന്നൊരു ജില്ലയാണ് പാലക്കാട്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് കഴിഞ്ഞാൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലത്തൂർ താലൂക്കുകളിൽ വൻതോതിൽ ഇപ്പോഴും നെൽപ്പാടങ്ങളുണ്ട്. അത്തരം നെൽപ്പാടങ്ങൾ നികത്തുന്നതുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ ശക്തമായ നിലപാട് പ്രാദേശികമായി കോൺഗ്രസ്സ് പ്രവർത്തകർ ഉൾപ്പെടെ സ്വീകരിക്കുന്നുണ്ട്. സാധാരണ കോൺഗ്രസ്സിന്റെ ആളുകൾ അത്തരത്തിൽ ചെയ്യാറുള്ളതല്ല. പക്ഷേ കോൺഗ്രസ്സിന്റെ ആളുകൾക്കുപോലും ബോദ്ധ്യപ്പെട്ടൊരു വസ്തുതയാണിത്. അതുകൊണ്ട് ഈ എട്ടുലക്ഷത്തിൽപരം ഹെക്ടർ നെൽവയലുണ്ടായിരുന്ന കേരളത്തിൽ 2,30,000 ഹെക്ടറായി കുറഞ്ഞിരിക്കുന്ന അവസരത്തിൽ ഈ നിയമം ശക്തമായ രൂപത്തിൽ

നടപ്പിലാക്കുന്നതിനു പകരം...... 2008-ന് മുൻപ് നികത്തിയത് എന്ന് എങ്ങനെയാണ് കൃത്യമായി കണ്ടുപിടിക്കാൻ കഴിയുക, ഇത് ഗുരുതരമായിട്ടുള്ള പ്രശ്നങ്ങൾ ഈ രംഗത്തുണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് നിയമം കർശനമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം, ഇതിനാവശ്യമായിട്ടുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. അടൂർ പ്രകാശ്: സർ, 2008-ന് മുൻപുള്ളത് എങ്ങനെ കണ്ടുപിടിക്കുമെന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. 2008-ന് മുൻപുതന്നെ വീടുകൾ നിർമ്മിച്ചിട്ടുള്ള സ്ഥലങ്ങൾ ബി.റ്റി.ആർ -ൽ നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാ ബാങ്കിൽ വന്നപ്പോഴും അത്തരം സ്ഥലങ്ങൾ നിലം എന്നുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വീടോ കൊമേഴ്സ്യൽ സ്ഥാപനങ്ങളോ സ്ഥാപിച്ചിട്ടുള്ളതൊക്കെയും 2008-ലെ നിയമം പാസ്സാക്കുന്നതിന് എത്രയോ വർഷങ്ങൾ മുമ്പുതന്നെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വന്നതാണ്. അങ്ങനെയുള്ള അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടിയാണ്, ക്രമീകരണം ഉണ്ടാക്കുന്നതിനുള്ള അനുമതി നൽകുമെന്ന് പറഞ്ഞിട്ടുള്ളത്, 2008-ന് ശേഷം നികത്തിയിട്ടുള്ള ആളുകൾക്ക്

അനുമതി കൊടുക്കും എന്നല്ല ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ യാഥാർത്ഥ്യബോധത്തോടും ശാസ്ത്രീയമായും നടത്തേണ്ട ഒന്നാണ് ഡാറ്റാബാങ്ക് രൂപീകരണം. 2008-ന് മുൻപ്, അതിനും പതിറ്റാണ്ടുകൾക്ക് മുൻപുതന്നെ, കൃഷി ഇല്ലാത്തതും, വലിയ കെട്ടിടങ്ങളോടുകൂടിയതുമായ പഞ്ചായത്തുകളാണ് എറണാകുളം നഗരത്തോട് ചേർന്ന് കിടക്കുന്നത്. ചേരനല്ലൂർ പഞ്ചായത്തിൽ കൃഷി നിലച്ചിട്ട് 30 വർഷമായി. അവിടെ വലിയ ആശുപത്രി വന്നിരിക്കുന്നു, പക്ഷേ സാധാരണക്കാരന് ഈ നിയമത്തിന്റെ പരിധിക്കകത്ത് നിന്നുകൊണ്ട് പെർമിഷൻ കിട്ടുന്നില്ല. ഈ ഡാറ്റാബാങ്കിൽ മാറ്റം ആവശ്യമാണ്. ശാസ്ത്രീയമായും യാഥാർത്ഥ്യബോധത്തോടും കൂടി ഡാറ്റാബാങ്ക് ഉണ്ടാക്കാനുള്ള നിബന്ധനകൾ തയ്യാറാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. അടൂർപ്രകാശ്: സർ, തീർച്ചയായും അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക ചേരനല്ലൂർ പഞ്ചായത്തിൽ വലിയ വലിയ സ്ഥാപനങ്ങൾ കടന്നു വരുന്നത് സംബന്ധിച്ചാണ്. അത്തരം സ്ഥാപനങ്ങൾ വന്നിട്ടുള്ളത് നിയമപരമായി അനുമതി വാങ്ങിക്കൊണ്ടാണോ, എന്നത് പരിശോധന നടത്താവുന്ന

കാര്യമാണ്. തീർച്ചയായും അക്കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, വളരെയധികം നെൽവയലുകൾ നഷ്ടപ്പെടുന്ന ഒരു കാലഘട്ടമാണിത്. 2013-നെ അപേക്ഷിച്ച് 2015 ആകുമ്പോഴേക്കും ഏതാണ്ട് ഒരു ലക്ഷത്തിൽപ്പരം ഹെക്ടർ നെൽകൃഷി ഭൂമിയാണ് പാലക്കാട് ജില്ല ഉൾപ്പെടെയുള്ള സംസ്ഥാനത്ത് നഷ്ടമായത്. ഡാറ്റാബാങ്ക് രൂപീകരിക്കുന്നതിലും ഡാറ്റാബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായിട്ടുള്ള സർവ്വേ നടത്തുന്നതിലും ഗൗരവമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. പല സ്ഥലങ്ങളിലും നിലം എന്നുള്ളത് പറമ്പായും, പറമ്പ് എന്നുള്ളത് നിലമായും മാറിയിരിക്കുകയാണ്. ഡാറ്റാബാങ്ക് പരിശോധിക്കുന്നതിനും തയ്യാറാക്കുന്നതിനുമായി അവർക്ക് ഒരാഴ്ച സമയമാണ് കൊടുത്തത്. അത് വളരെ പരിമിതമായ സമയമാണ്. ഇതിന്റെ മറവിൽ പല ഓഫീസർമാരും ഭൂപ്രഭുക്കൾക്കു വേണ്ടി പല തരത്തിലുള്ള തിരിമറികൾ നടത്തുകയാണ്. പല റിയൽ എസ്റ്റേറ്റ് മാഫിയകളും ഇതിനുവേണ്ടി കടന്നു കൂടിയിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഗൗരവകരമായ തീരുമാനം എടുക്കുമോ; വീണ്ടും ഒരു സർവ്വേ നടത്തുന്നതിന് അവസരം കൊടുക്കുമോ; അങ്ങനെ ഡാറ്റാബാങ്കിലെ അപാകതകൾ പരിഹരിക്കുമോ?

<u>ശ്രീ. അടൂർപ്രകാശ്</u>: സർ, ഡാറ്റാബാങ്ക് തയ്യാറാക്കിയ അവസരത്തിൽതന്നെ വളരെയധികം അപാകതകൾ സംഭവിച്ചുവെന്ന് ഈ സഭയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതാത് പഞ്ചായത്ത് പ്രസിഡൻഡുമാർ ചെയർമാൻമാരായും, കൃഷി ഓഫീസർ കൺവീനർ എന്ന നിലയിലും, കർഷകരുടെ മൂന്ന് പ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകൾ ഡാറ്റാബാങ്ക് പ്രിപ്പയർ ചെയ്യുന്നതുമായുള്ള പരിശോധനകൾ നടത്തണമെന്നും ആ പരിശോധനയുടെ അടിസ്ഥാനത്തിൽ ഇത് ശരിയാണ് എന്ന് ഉറപ്പാക്കിക്കൊണ്ടുവേണം ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടതെന്നുമാണ് നിയമത്തിൽ പറഞ്ഞിട്ടുള്ളത്. നിർഭാഗ്യവശാൽ അത്തരത്തിൽ യാഥാർത്ഥ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചാൽ പലപ്പോഴും പല സ്ഥലങ്ങളിലും ഉണ്ടായിട്ടില്ല എന്നത് സത്യാവസ്ഥയാണ്. ആവശ്യമായ ഭേദഗതികൾ കൊണ്ടു വരുന്ന അവസരത്തിൽ നമുക്ക് ചർച്ചചെയ്തുകൊണ്ട് ഇത്തരം കാര്യങ്ങൾ കൂടി പരിഹരിക്കപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. റ്റി.യു. കുരുവിള</u>: സർ, വർഷങ്ങൾക്കു മുൻപ് ഇരിപ്പു കൃഷിക്കുവേണ്ടി

സ്ഥലം ലേലം ചെയ്ത് കൊടുത്തത് ഇപ്പോൾ ബി.റ്റി.ആർ. അനുസരിച്ച് നിലമായി കിടക്കുകയാണ്. അതിനാൽ പഞ്ചായത്ത് അവിടെ കെട്ടിടങ്ങൾ വയ്ക്കാൻ സമ്മതിക്കുന്നില്ല. അക്കാര്യം പ്രത്യേകം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ, എത്രയും വേഗം ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അതു തന്നെയാണ് നേരത്തേ സൂചിപ്പിച്ചത്, ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചതിൽ ഉള്ള തെറ്റുകളും, ബി.റ്റി.ആർ-ൽ കടന്നു കൂടിയിട്ടുള്ള തെറ്റുകളും പരിഹരിക്കപ്പെടുന്നതിന് നിയമപരമായ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നിയമ ഭേദഗതികൾ തന്നെയാണ് ഇതിനാവശ്യമായി വരുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ നിന്നും നമുക്ക് ബോധ്യമാകുന്നത് വിശ്വസനീയമായ ഡാറ്റാബാങ്ക് ഇല്ലെന്നും തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലെന്നുമാണ്. അതിനർത്ഥം നിലമാണോ, കരഭൂമിയാണോ, വാണിജ്യസ്ഥാപനമാണോ, എന്നു നിശ്ചയിക്കാൻ വിശ്വസനീയമായ രേഖ നമ്മുടെ കൈവശമില്ല എന്നുതന്നെയാണ്. അങ്ങനെയൊരു സാഹചര്യം നിലനിൽക്കേ 2008 ന്

മുൻപ് നികത്തിയ സ്ഥലങ്ങൾ മാർക്കറ്റ് വിലയുടെ 25 ശതമാനം അടച്ചാൽ കരഭൂമിയാക്കി മാറ്റാൻ കഴിയുമെന്ന വ്യവസ്ഥവന്നാൽ വ്യാപകമായി ഈ തണ്ണീർതട നെൽവയൽ സംരക്ഷണ നിയമം അട്ടിമറിക്കപ്പെടുകയല്ലേ ചെയ്യുക, അത് മനസ്സിലാക്കി ഈ രേഖ ശരിയാകുന്നതുവരെ ഈ ഉത്തരവ് മരവിപ്പിച്ച് യാഥാർത്ഥ്യബോധത്തോടു കൂടിയ ഒരു സമീപനം സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പല അംഗങ്ങളും അങ്ങ് ചോദിച്ചതുപോലെ മറ്റൊരു ചോദ്യം കൂടി ഇവിടെ ചോദിച്ചിട്ടുണ്ട്. വർഷങ്ങളായി  വീട്വെച്ചു താമസിക്കുന്നവരുടെ സ്ഥലങ്ങൾ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്നതുകൊണ്ട്  മറ്റ് നടപടികളിലേക്ക് പോകാൻ കഴിയുന്നില്ല എന്ന കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്.  അത്തരം കാര്യങ്ങൾ പരിഹരിക്കപ്പെടുന്നതിനു വേണ്ടിയാണ് നിയമപരമായി ചില മാറ്റങ്ങൾ ഉണ്ടാകണം എന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നത്, ആ നടപടികളിലേക്ക് പോകുന്ന കാര്യത്തിൽ ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നിലം നികത്തുന്നതുമായി ബന്ധപ്പെട്ട

പീനൽ സെക്ഷനിൽ റിപ്പോർട്ടിംഗ് ഓഫീസർ കൃഷി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനാണ്. നിയമം നടപ്പിലാക്കുമ്പോൾ ഈ പീനൽ സെക്ഷൻ ഉപയോഗിച്ച് കേസ്സുകൾ ബുക്ക് ചെയ്തിട്ടുണ്ടോ; അതിൽ നിന്ന് വരുമാനം സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഈയിനത്തിൽ കിട്ടിയിട്ടുണ്ട്; സുവോ-മോട്ടോ കേസ്സുകൾ എടുക്കാനും അനധികൃതമായി നിലം നികത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനുമുള്ള പ്രൊവിഷൻ അനുസരിച്ച് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, റിപ്പോർട്ടിംഗ് ഓഫീസർമാർ എന്ന നിലയിൽ കൃഷി ഓഫീസർമാർ ആണ് അനധികൃതമായി നിലം നികത്തുന്നുണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യേണ്ടത്. അങ്ങനെ റിപ്പോർട്ട് ചെയ്തതനുസരിച്ച് കേരളത്തിൽ 7294 -ഉം റവന്യൂവിൽ നിന്നും സുവോ-മോട്ടോ രജിസ്റ്റർ ചെയ്ത 7134 -ഉം കേസ്സുകൾ ഉണ്ട്. അങ്ങനെ മൊത്തം 14 ജില്ലകളിൽ നിന്നും 14428 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനധികൃതമായി മണ്ണ് ഇട്ട് നികത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ്സുകൾ എടുത്തിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. വാഹനങ്ങൾ കൊണ്ടുവന്ന് മണ്ണിട്ട് നികത്തുന്നയവസരങ്ങളിൽ അത്തരം വാഹനങ്ങൾ പിടിച്ചെടുക്കാറുണ്ട്.

ഏതാണ് 230 കേസ്സുകൾ പല ജില്ലകളിലായി എടുത്തിട്ടുണ്ട്. കോടതികൾ ഇടപെട്ട് പിഴ ചുമത്തിക്കൊണ്ട് വാഹനങ്ങൾ വിട്ടു കൊടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഈ നെൽവയൽ തണ്ണീർതട നിയമത്തിന്റെ പുറകിലുള്ളത് കൃഷിയുടെ സംരക്ഷണം മാത്രമല്ല, നെൽവയലുകൾ കേരളത്തിന്റെ ജലസമൃദ്ധിയെക്കൂടി ബാധിക്കുന്ന തണ്ണീർതടങ്ങളാണെന്നതു കൊണ്ടാണ് കൃഷി ചെയ്യുന്നില്ലെങ്കിലും അത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. നെൽവയൽ തണ്ണീർതട നിയമം നടപ്പിലാക്കുന്നുമില്ല, നടപ്പിലാക്കാതിരിക്കുന്നുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഈ നിയമം പാസ്സായതിനുശേഷം എത്ര സ്ഥലങ്ങളിൽ അനധികൃതമായി മണ്ണിട്ട് നികത്തിയിട്ടുണ്ട് എന്നതു സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശം ലഭ്യമാണോ, അത് സംബന്ധിച്ച് അന്വേഷിക്കുന്നതിന് എന്തെങ്കിലും നിലപാട് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമല്ല, മുൻ ഗവൺമെന്റ് ഇരിക്കുന്ന അവസരത്തിലും ഇതുപോലെ കാര്യങ്ങൾ നടന്നിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേകമായി നെൽവയൽ

നികത്തുന്ന നടപടികൾ മാത്രം ഉണ്ടായിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയല്ല. അങ്ങനെ വന്നിട്ടുള്ളത് തന്നെ ഇന്നത്തെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട ശിവദാസൻ നായരുടെ ചോദ്യത്തിന് മറുപടിയായി വാഹനങ്ങൾ പിടിച്ചെടുക്കുന്ന കാര്യം ഞാൻ പറഞ്ഞു. വാഹനങ്ങൾ പിടിച്ചെടുത്ത് കോടതികളിൽ നിന്നും നിർദ്ദേശങ്ങളും, ഉത്തരവുകളും വരുന്നതനുസരിച്ച് പിഴ ചുമത്തിക്കൊണ്ട് തന്നെ നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകുന്നത് അതുകൊണ്ടാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കരട് ഡാറ്റാബാങ്ക് തയ്യാറാക്കിയതിൽ അപാകതയുണ്ടെന്ന് അങ്ങ് സമ്മതിച്ചത് കൃത്യമായ അറിവിന്റെ അടിസ്ഥാനത്തിലാണ്. കൃഷി വകുപ്പിലേയും റവന്യൂ വകുപ്പിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥലപരിശോധന നടത്താതെ റിപ്പോർട്ട് തയ്യാറാക്കിയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. നിയമസഭാ പെറ്റീഷൻ കമ്മിറ്റി ഇക്കാര്യത്തിൽ വളരെ വിശദമായ ചർച്ച നടത്തുകയും ഇതുസംബന്ധിച്ച റിപ്പോർട്ട് നിയമസഭയ്ക്കു മുമ്പാകെ സമർപ്പിക്കുകയുമുണ്ടായി. ഇങ്ങനെ

തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിൽ കാതലായ പ്രശ്നങ്ങളുണ്ടെന്നും ശരിയായ രീതിയിലല്ലെന്നുമാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കരട് ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിനെതിരെ ഒരു അപ്പീൽ പ്രൊവിഷൻ കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അങ്ങനെ തെറ്റായ ഒരു കാര്യം ആത്യന്തികമായി നിയമമായി മാറുകയാണ്. അത് നമുക്ക് വലിയ ബുദ്ധിമുട്ടാകും. അതുകൊണ്ട് 2008-ലെ തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമത്തിൽ അപ്പീൽ പ്രൊവിഷനു വേണ്ടിയിട്ടുള്ള ഭേദഗതി അടിയന്തരമായി നടത്തണം. അതോടൊപ്പം സർക്കാർ ഉത്തരവ് പ്രകാരം ചില ഭൂമികൾ കരഭൂമിയായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് പ്രകാരം രൂപാന്തരപ്പെടുത്തിയ ഭൂമി ഇതുവരെയും റവന്യൂ ഭൂമിയിലേയ്ക്ക് മാറ്റപ്പെട്ടിട്ടില്ല. അതിലേയ്ക്കാവശ്യമായ നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നിയമസഭാ സമിതിയുടെ കണ്ടെത്തലുകൾ പൂർണ്ണമായും ശരിവയ്ക്കുന്ന രീതിയിലാണ് ഞാനും ഇവിടെ ഈ മറുപടിയിലൂടെ പറഞ്ഞിട്ടുള്ളത്. അങ്ങേയ്ക്കറിയാം ഈ നിയമ പ്രകാരം അപ്പീൽ പ്രാവിഷൻ കൊടുക്കാൻ കഴിയാത്തതിനാൽ കൊടുത്തിട്ടില്ല. അതിനാൽ ഈ നിയമത്തിൽ

ചില ഭേദഗതികൾ അടിയന്തരമായി ഉണ്ടാകണം. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതനുസരിച്ച് നിയമഭേദഗതി വരുന്ന അവസരത്തിൽ ഗവൺമെന്റ് ഒരു അപ്പീൽ പ്രൊവിഷൻ കൊടുത്തുകൊണ്ട്; നേരിട്ട് സ്ഥലപരിശോധന നടത്തുവാൻവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഡാറ്റാ ബാങ്കിന്റെ ഏറ്റവും വലിയ പ്രത്യേകത ഡാറ്റാ ബാങ്ക് ഉണ്ടെങ്കിൽ മാത്രമേ ഈ കേസുകൾ നിലനിൽക്കുവെന്നുള്ളതാണ്. അതായത് വയലാണെന്ന് പ്രഖ്യാപിക്കപ്പെട്ട സ്ഥലമല്ലെങ്കിൽ ആ കുറ്റം കോടതി അംഗീകരിക്കില്ല. അതുകൊണ്ട് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരാണ് ആ ഭൂമി സാങ്കേതികമായി വയലാണെന്ന് വിലയിരുത്തേണ്ടത്. അതാണ് ഈ ഡാറ്റാ ബാങ്കിന്റെ ഏറ്റവും വലിയ പ്രത്യേകത. പല കോടതികളും വിധി നടത്തിയിട്ടുള്ളത് പഴയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ഡാറ്റാ ബാങ്ക് പ്രഖ്യാപിക്കുന്നത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ നിലനിൽക്കാൻ വേണ്ടി ബാധകമാക്കണം. രണ്ടാമത്തെ എന്റെ പ്രശ്നം, ഇത് ഭാവിയിലേയ്ക്കുള്ള നിയമമാണ്, നമ്മുടെ കുടിവെള്ള സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ളതാണ്.

അങ്ങനെയാണെങ്കിൽ വീടുവയ്ക്കാൻപോലും വയലുകൾ നികത്താൻ പാടില്ല. നികത്താതെ വേണമെങ്കിൽ വീട് വയ്ക്കാം, ചെലവ് കൂടുമെന്നേയുള്ളൂ. അതായത് ഉറവകൾ അടയാതെ ജലം സംരക്ഷിച്ചുകൊണ്ട് നികത്താതെ വയലിൽത്തന്നെ വീട് വയ്ക്കാം. ഭാവിയിലേയ്ക്കുള്ള നിയമമായതുകൊണ്ട് ചെലവ് കൂടിയാലും ജലവുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധർ പരിശോധന നടത്തി ഈ നിയമം ശക്തമായി ഭാവിയിലേയ്ക്ക് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. നിയമപരമായ രീതിയിൽ ഡാറ്റാബാങ്ക് പ്രഖ്യാപിച്ചാൽമാത്രമേ ഈ കേസ് രജിസ്റ്റർ ചെയ്യാൻ സാധിക്കൂ. അതിനാൽ വയലിലാണെങ്കിലും വീടു വയ്ക്കുമ്പോൾ ജല സ്രോതസ്സുകൾ അടയാതിരിക്കാനും ഭാവിയിൽ ജല ഉറവകളും ജലത്തിന്റെ സംരക്ഷണവും ഉറപ്പാക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും ഒരു പഠനം നടത്താനും തയ്യാറാകുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: 2008-ൽ വന്ന നിയമമനുസരിച്ച് പഞ്ചായത്തുകളിൽ 10 സെന്റ് ഭൂമിവരേയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റ് ഭൂമിവരേയുമാണ് നിലം നികത്തി വീട് വയ്ക്കുന്നതിന് അനുമതി കൊടുക്കുന്നത്. അതിന് വേണ്ടി അനുമതി വാങ്ങുന്ന ആളുകൾ നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട ആളുകളാണ്. ആ പാവപ്പെട്ട ആളുകൾക്ക് വീടുവയ്ക്കുന്നതിനുള്ള

അനുമതി കൊടുക്കുന്ന അവസരത്തിൽ ജലസ്രോതസ്സ് നഷ്ടപ്പെടാതിരിക്കാൻ വേണ്ടി അദ്ദേഹം മുന്നോട്ടുവച്ച നിർദ്ദേശം നല്ലതാണെങ്കിൽപ്പോലും സാധാരണക്കാരന് അത് താങ്ങാൻ കഴിയാത്ത ഒരു കാര്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. തീർച്ചയായിട്ടും ഈ കാര്യങ്ങളെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> ഒരു സെന്റ് ഭൂമിപോലും സ്വന്തമായിട്ടില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായി 5 സെന്റ് ഭൂമിവരെ വയൽ നികത്താനുള്ള അനുവാദം പലപ്പോഴും നൂലാമാലകളിൽ കുടുങ്ങുകയും റവന്യൂ ഡിപ്പാർട്ടുമെന്റിലെ അധികാരികൾ നടപടിക്രമങ്ങളിൽ കാലതാമസം വരുത്തുകയും ചെയ്യുന്നു. അതേസമയം മറ്റൊരു തരത്തിലുള്ള സംഘം നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഏതെങ്കിലും ഒരു പാവപ്പെട്ടവനെക്കൊണ്ട് ഒരു അപേക്ഷ കൊടുപ്പിക്കുകയും എന്നിട്ട് അവന്റെ അപേക്ഷയിന്മേലുള്ള നിലം നികത്തിയതിനുശേഷം അത് പ്ലോട്ടാക്കുകയും റിയൽ എസ്റ്റേറ്റാക്കി മാറ്റി വ്യാപിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഇതിനായി വളരെ വലിയ ഒരു സംഘം തന്നെ കഴിഞ്ഞകുറെക്കാലങ്ങളായി പ്രവർത്തിക്കുകയാണ്. അതിനാൽ ഇത്തരത്തിലൊരു അനുവാദം നൽകിയത് ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന്

അറിയാനുള്ള ഒരു ജാഗ്രത അങ്ങയുടെ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. അടൂർ പ്രകാശ്: ശ്രീ.പി.സി.വിഷ്ണുനാഥ് ഇവിടെ അവതരിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയംതന്നെയാണ്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി : തൃശ്ശൂർ ജില്ലയിൽ വ്യാപകമായി നെൽവയലുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. നെൽവയലുകൾ ഭൂമാഫിയയും റിയൽ എസ്റ്റേറ്റുകാരും വൻ തോതിൽ വാങ്ങിക്കൂട്ടിയിരിക്കുകയാണ്. അതിനുശേഷം അത് തുണ്ടു പ്ലോട്ടുകളായി വീട് വയ്ക്കാനെന്ന നിലയ്ക്ക് വിൽക്കുകയും അങ്ങനെ വാങ്ങുന്നവർ വഞ്ചിക്കപ്പെടുകയും അവർക്ക് വീട് വയ്ക്കുന്നതിനുള്ള അനുമതി കിട്ടാതെ കഷ്ടപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥയുണ്ടാകുന്നു. അതുപോലെ റിയൽ എസ്റ്റേറ്റുകാർ ചെയ്യുന്നത് കൃഷി ചെയ്യാതെ കുറെക്കാലം തരിശായി ഇടുകയും അവിടെ പ്രായമേറിയ തെങ്ങും മരങ്ങളും പിഴുതുകൊണ്ടുവന്ന് വച്ചുപിടിപ്പിച്ച് ഇത് 2008 -ന് മുമ്പ് നികത്തിയതാണെന്ന് വരുത്തുവാനുള്ള വ്യാജമായ തട്ടിപ്പുകളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. അടൂർ പ്രകാശ്: തീർച്ചയായും ഈ നിയമം നടപ്പാക്കുന്ന വേളയിൽ ഇത്തരത്തിൽ പല ആളുകളും രംഗപ്രവേശം ചെയ്യുന്നതനുസരിച്ച് ണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതാണ്. ഇത്തരം ആളുകൾക്ക് പ്രോൽത്സാഹനം കൊടുക്കാൻ ഒരിക്കലും ഗവൺമെന്റ് ആലോചിക്കുന്നില്ല. അത്തരത്തിലുള്ള നടപടികളുമായി മുന്നോട്ട് പോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ശ്രീ. വർക്കല കഹാർ: നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതെന്നാണ്; ചട്ടങ്ങൾ ഉണ്ടാക്കിയത് എന്നാണ്; ചട്ടങ്ങൾ നിലവിൽ വന്ന് മൂന്നു മാസത്തിനകം ഡാറ്റാബാങ്ക് തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്; അതോടൊപ്പം ഇത് ഏത് കാലഘട്ടത്തിലായിരുന്നു?

ശ്രീ. അടൂർ പ്രകാശ്: ഈ നിയമം പ്രാബല്യത്തിൽ വന്നത് 12.08.2008-ൽ ആണ്. 24.12.2008-ൽ റൂൾ ഫ്രെയിം ചെയ്യുകയും ഗസറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തു. ഈ നിയമം പ്രാബല്യത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ ഡാറ്റാബാങ്ക് കംപ്ലീറ്റ് ചെയ്യണമെന്നാണ് നിയമത്തിൽ പറഞ്ഞിട്ടുള്ളത്. അതായത് 24.12.2008 -ൽ ആണ് റൂൾ വന്നിട്ടുള്ളതെങ്കിൽ 23.03.2009-ൽ ആണ് ഡാറ്റാ ബാങ്കിന്റെ പൂർത്തീകരണം

നടത്തേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ കേരളത്തിൽ പല കാരണങ്ങൾ കൊണ്ട് ഈ നിയമം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഡാറ്റാബാങ്ക് prepare ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ശക്തമായി എടുത്തിട്ടുള്ളത്. മുൻകാലങ്ങളിൽ അതിനുള്ള നടപടികൾ എടുത്തില്ലായെന്നല്ല അതിന്റെ അർത്ഥം, വളരെ പരിമിതമായ നടപടികളാണ് അന്ന് സ്വീകരിച്ചിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ബാക്കി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ

(*243) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ ഒന്നാം ക്ലാസ്

മുതൽ മലയാള ഭാഷ നിർബന്ധമായി പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്. 01.09.2011-ലെ സ.ഉ.(പി) നം. 183/2011/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ്/അൺ എയ്ഡഡ്/ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാന സിലബസിലുള്ള വിദ്യാലയങ്ങൾ ഒഴികെയുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവ ഈ ഉത്തരവ് നടപ്പിലാക്കുവാൻ വിമുഖത കാണിക്കുന്നുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14.09.2012-ലെ WP(C) No.2435 (ഡി) ഉത്തരവിൽ, ഐ.എസി.എസ്.ഇ/സി.ബി.എസ്.ഇ. സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവയുടെ പാഠ്യ പദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.റ്റി ആകയാൽ ഈ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് പരാമർശിച്ചിരിക്കുന്നതിനാൽ മലയാള ഭാഷാപഠനത്തിന് ഇത്തരം

സ്ഥാപനങ്ങളിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

(സി) സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം 10-ാം ക്ലാസുവരെ നിർബന്ധമാക്കി സ.ഉ.(പി) നം. 183/2011/പൊ.വി.വ. പ്രകാരം ഉത്തരവു പറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപന മേധാവികളുടെ ഒരു യോഗം 10.05.2012-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി വിളിച്ചുചേർത്ത് മലയാള ഭാഷാപഠനം നിർബന്ധമാക്കാനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, മറ്റ് സംസ്ഥാനങ്ങളിലെല്ലാം പ്രാദേശിക ഭാഷകൾ നിർബന്ധമാണ്. സി.ബി.എസ്.ഇ-യ്ക്ക് മലയാള ഭാഷാപഠനം സാധ്യമല്ലെന്ന് കേരളത്തിൽ മാത്രം പറയുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. ഏതുതരം സ്കൂളുകളാണെങ്കിലും മലയാളം അറിയാത്ത മലയാളികളുണ്ടാവരുത്. ശ്രേഷ്ഠഭാഷയായ മലയാളഭാഷയോട് നമ്മുടെ കുട്ടികൾ ഇന്ന് കാണിക്കുന്ന മുഖംതിരിക്കൽ മാറ്റാൻ വേണ്ട നടപടിയെടുക്കുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മലയാളത്തെ പ്രഥമഭാഷയാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ട് കാലം കുറെയായി, ഇതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്:</u> ഇക്കാര്യത്തിൽ ഞാൻ നേരത്തെ പറഞ്ഞ

പ്രശ്നമാണുള്ളത്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസ്സുകളുമായി ബന്ധപ്പെട്ട് അതിന്റെ സിലബസുകളിൽ മാറ്റം വരുത്തുവാനോ അതിൽ ഇടപെടുവാനോ നമുക്ക് സാധിക്കില്ല. അതേയവസരത്തിൽ പുതിയതായി സ്കൂളുകൾ അനുവദിക്കുമ്പോൾ ഇങ്ങനെയൊരു നിബന്ധന കർശനമാക്കിക്കൊണ്ട് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.